**രാമച്ചത്തിലൂടെ മണ്ണും വെള്ളവും മറ്റു പ്രകൃതി വിഭവങ്ങളും എങ്ങിനെ സംരക്ഷിക്കാം എന്നറിയുന്നതിന് ഒരു കൈപ്പുസ്തകം.**

# രാമച്ചം
# മണ്ണൊലിപ്പിന് സുസ്ഥിര പ്രതിവിധി

ഡിക്ക് ഗ്രിംഷോ
വിവർത്തനം : കെ.ആർ. ഇന്ദിര

Vetiver Grass - A Hedge Against Erosion എന്ന ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചത് 20 വർഷം മുമ്പാണ്. അതിന്റെ ഒന്നും രണ്ടും മൂന്നും പതിപ്പുകളുടെ പതിനായിരക്കണക്കിന് കോപ്പികൾ ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലും വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. പുറമേ സ്പാനിഷ്, പോർച്ചുഗീസ് ചൈനീസ്, ഹിന്ദി, ഗുജറാത്തി, തായ്, ചെച്വാ (മലാവി), കിസ്വാഹിലി തുടങ്ങിയ ഭാഷകളിൽ വിവർത്തനം ചെയ്ത് ആയിരക്കണക്കിന് കോപ്പികൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്രീൻബുക്ക് എന്ന് വിളിക്കപ്പെടുന്ന ഈ കൈപുസ്തകം പതിനായിരക്കണക്കിന് ചെറുകിട കർഷകർക്ക് ആശയും പ്രതീക്ഷയും നൽകുന്നു.

ആദ്യമായി ജോൺഗ്രീൻഫീൽഡ് ഈ പുസ്തകം തയ്യാറാക്കിയപ്പോൾ ഞങ്ങളുടെ ശ്രദ്ധാകേന്ദ്രം മണ്ണും ജലസംരക്ഷണവുമായിരുന്നു. അന്നുമുതലേ ഈ സസ്യത്തെക്കുറിച്ച് ഗവേഷണ പരീക്ഷണങ്ങളിലൂടെ വിശേഷ പഠനം നടത്തിയിരുന്നു. മണ്ണും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കുന്നതിന്റെ സർവ്വാംശങ്ങളിലേയ്ക്കും രാമച്ചത്തിന്റെ സാദ്ധ്യതകൾ ക്രമേണ സന്നിവേശിപ്പിച്ചു. മണ്ണിന്റെയും ഖനി പ്രദേശങ്ങളുടെയും പുനരുജ്ജീവനം, നിർമ്മാണ പ്രവർത്തനങ്ങളുടെ ഉറപ്പുകൂട്ടൽ (റോഡ്, റെയിൽ തുടങ്ങിയവ), മലിനീകരണ നിയന്ത്രണം, ജലസംഭരണികളുടെയും മറ്റും ഉറപ്പുകൂട്ടൽ, ജലത്തിന്റെ ഗുണം വർദ്ധിപ്പിക്കൽ എന്നിവയിൽ രാമച്ചത്തിന്റെ ഉപ




**രാമച്ചം**
**മണ്ണൊലിപ്പിന് സുസ്ഥിര പ്രതിവിധി**
**ജോൺ ഗ്രീൻഫീൽഡ്**
പ്രസാധകൻ : പി. ഹരിദാസ്,
പ്രസിഡണ്ട്, ഇന്ത്യ വെറ്റിവേർ നെറ്റ്വർക്ക്
വില 25.00 രൂപ

യോഗം കൂടിക്കൂടി വരുന്നുണ്ട്. രാമച്ചത്തിന്റെ മറ്റുചില പ്രയോജനങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ട്. ചിതലിനെ ഉച്ചാടനം ചെയ്യാൻ രാമച്ചത്തിന് കഴിവുള്ളതായി യു.എസ്. എ.യിലെ തെക്കൻ സ്റ്റേറ്റുകളിൽ കണ്ടെത്തിയിരിക്കുന്നു. കാമറൂണിൽ അതിന്റെ ഔഷധമൂല്യമാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. തായ്‌ലന്റിലാകട്ടെ തൊഴിൽ, വ്യവസായ, വ്യാപാര മേഖലകളിലാണ് രാമച്ചത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നത്. പ്രകൃതി ക്ഷോഭങ്ങളുടെയും കൊടുങ്കാറ്റിന്റെയും മറ്റും ആഘാതം ശമിപ്പിക്കാൻ കഴിയും എന്നതാണ് രാമച്ചത്തിന്റെ മറ്റൊരു പ്രധാന ഉപയോഗം.

രാമച്ചത്തിന്റെ ഉപയോഗരീതിയിലും വ്യത്യാസം വന്നിട്ടുണ്ട്. 1987-ൽ രാമച്ചപ്രചാരണത്തിനായി ഞങ്ങൾ സർക്കാർ ഏജൻസികളെയാണ് സമീപിച്ചിരുന്നത്. അത് പലപ്പോഴും ഫലപ്രദമായിരുന്നില്ല. ഇപ്പോൾ രാമച്ചത്തിന്റെ പ്രോത്സാഹകർ എൻ.ജി.ഒ.കളും വ്യാപാരാടിസ്ഥാനത്തിൽ ലാന്റ് സ്കേപ്പിംഗ് നടത്തുന്ന കമ്പനികളുമാണ്. കർഷകരാകട്ടെ മണ്ണും ജലവും സംരക്ഷിക്കാൻവേണ്ടി മാത്രമല്ല. ആവശ്യക്കാർക്ക് തൈകൾ വിൽക്കാൻവേണ്ടിയും രാമച്ചം നട്ടുവളർത്തുന്നു.

1987-ൽ ഞങ്ങൾക്ക് നെറ്റ്വർക്കുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അതുണ്ട് ഓരോ നെറ്റ്വർക്കും സ്വതന്ത്രമാണ്. അവയെ നയിക്കുന്നത് അർപ്പണബോധവും സാങ്കേതിക ജ്ഞാനവും ഉള്ളവരാണ്. അവർ പുറത്തിറങ്ങി പ്രവർത്തിക്കുന്നവരുമായതുകൊണ്ട് ജനങ്ങൾക്ക് രാമച്ചത്തെ അറിയാം. അതിന്റെ പ്രയോജനങ്ങളറിയാം. ഈ ടെക്നോളജിയെ മുന്നോട്ടു നയിക്കുന്നതിന്റെ മേനി മുഴുവനും അവർക്കുള്ളതാണ്.

ഓരോ വർഷവും പുതിയ ഉപയോഗവും പുതിയ കൈകാര്യരീതികളും ആയിരക്കണക്കിന് പുതുപ്രയോക്താക്കളെയും കണ്ടെത്തുന്നുണ്ട്. രാമച്ചം അതിവിശിഷ്ടമാണ്. ഈ പുസ്തകവും അതുപോലെ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മറ്റു പ്രസിദ്ധീകരണങ്ങളും നിമിത്തം രാമച്ചത്തിന് പ്രചാരം വർദ്ധിയ്ക്കു

മെന്ന് പ്രത്യാശിക്കട്ടെ. ഈ മേഖലയിലെ പുതുപുത്തൻ അറിവുകൾ വെറ്റിവേർ നെറ്റ്‌വർക്കിന്റെ വെബ് സൈറ്റായ http.www.vetiver.org-ൽ ലഭിക്കും.

മണ്ണൊലിപ്പും ജലനഷ്ടവും പണ്ടത്തേതിനേക്കാൾ ഇപ്പോൾ വളരെ കൂടുതലാണ്. കൃഷിയിടങ്ങൾ കുറയുന്നു. പല സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിടങ്ങളും മറ്റും കൂടുതൽ കൂടുതൽ ആവശ്യമായി വരുന്നു. ഉദാഹരണമായി തെക്കൻ ചൈനയിലെ മൺനഷ്ടത്തിൽ 80 ശതമാനവും റോഡ്, റെയിൽ, ക്വാറി, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നിമിത്തമാണ് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ജലത്തിന്റെ അളവും ഗുണവും കുറഞ്ഞുവരുന്നു. എന്നിട്ടും ഒരാളും പ്രശ്നപരിഹാരം കാണുന്നില്ല. എന്നാൽ നമുക്കിപ്പോൾ നല്ലൊരു പരിഹാരമാർഗ്ഗമുണ്ട്. അതാണ് രാമച്ചപ്പുല്ലുകൊണ്ടുള്ള വേലി. അത് ചെലവുകുറഞ്ഞതാണ്. ഫലപ്രദമാണ് നിർമ്മിക്കാനും ഉപയോഗിക്കാനും എളുപ്പവുമാണ്. ഞങ്ങൾ സർക്കാർ നയരൂപവത്കരണത്തിനോ സഹായധനത്തിനോവേണ്ടി കാത്തുനിൽക്കുന്നില്ല. ഞങ്ങൾക്കാവശ്യം ഒന്നേ ഒന്നുമാത്രം. പുറത്തിറങ്ങി പ്രവർത്തിക്കുക. ഈ ടെക്നോളജി അറിയുന്നവരും അതുപയോഗിക്കാൻ താൽപര്യമുള്ളവരും പ്രവർത്തിക്കുക. അതാണ് ചെയ്യേണ്ടത്.

*ചെയർമാൻ, ദി വെറ്റിവർ നെറ്റ്‌വർക്ക്*

ബന്ധങ്ങൾക്ക് : കെ.ആർ.ഇന്ദിര, 94470218885

**വരയും വരിയും** **റഫീഖ് അഹമ്മദ്**




## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/ 35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**നീതിയിൽനിന്നും കുടിയൊഴിക്കപ്പെട്ടവർ** മലയാളം ഡോക്യുമെന്ററി സി.സുരേന്ദ്രൻ/സി.ശരത്ചന്ദ്രൻ 26 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം

കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9447674375